സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം

നം: സി.ബി(1)20805/2007 തീയതി : 25-1-2008

## സർക്കുലർ നം: 06/2008

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ നൽകിവരുന്ന കാർഷികേതര വായ്പകളുടെ പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. ഈ ആഫീസിലെ 26-2-07-ലെ 20/07, 3-5-07-ലെ 28/07, 17-7-07-ലെ 43/07, 28-9-07-ലെ 58/07 എന്നീ നമ്പർ സർക്കുലറുകൾ.
2. 11-1-08-ന് കൂടിയ സഹകരണ മേഖലയിലെ നിക്ഷേപ/വായ്പാ പലിശനിരക്കും പുനർനിർണ്ണയം ചെയ്യുന്നതിനുള്ള സബ്കമ്മറ്റി തീരുമാനങ്ങൾ.
3. 16-1-08-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കേന്ദ്ര ബാങ്കുകളുടെ സമ്മേളന തീരുമാനങ്ങൾ

******

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവർ നൽകി വരുന്ന വിവിധയിനം കാർഷിക/കാർഷികേതര വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശനിരക്കുകൾ നിശ്ചയിച്ച് സൂചന(1) പ്രകാരം സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. 2007-ലെ സഹകരണ നിക്ഷേപം-കേരളീയം, പുതുവത്സര നിക്ഷേപ പദ്ധതി ,എന്നിവയിലൂടെ സ്വരൂപിച്ച അധിക നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിയ്ക്കുന്നതിന് 11-1-2008-ൽ കൂടിയ സഹകരണ മേഖലയിലെ നിക്ഷേപ വായ്പ പലിശ നിരക്ക് പുനർ നിർണ്ണയ സബ്കമ്മറ്റി ചർച്ച ചെയ്യുകയും, ചില വായ്പ ഇനങ്ങളിലെ പലിശ നിരക്കുകളിൽ മാറ്റം വരുത്തുവാൻ ശുപാർശ ചെയ്തിരുന്നു. 16-1-2008-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കേന്ദ്ര ബാങ്കുകളുടെ സമ്മേളനം ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും സൂചന(3) പ്രകാരം ഏതാനും വായ്പ ഇനങ്ങളുടെ പലിശനിരക്കുകളിൽ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം താഴെപ്പറയുന്ന ഇനം വായ്പകൾക്ക് പരമാവധി ഈടാക്കാവുന്ന പലിശ നിരക്കുകൾ ശതമാനക്കണക്കിൽ നിശ്ചയിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം | വായ്പ ഇനം | വായ്പ പരിധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക സംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|---|---|---|---|
| | | | നിലവിൽ | പുതുക്കിയത് | നിലവിൽ | പുതുക്കിയത് | നിലവിൽ | പുതുക്കിയത് |
| 1 | വിവാഹം | 25000 രൂപ വരെ | 8 | 8 | 8 | 8 | 8 | 8 |
| | | 25001 രൂപ മുതൽ 50000 രൂപ വരെ | 9 | 9 | 9 | 9 | 9 | 9 |
| | | 50001 രൂപ മുതൽ 100000 രൂപ വരെ | 10 | 10 | 10 | 10 | 10 | 10 |
| | | 100001 രൂപ മുതൽ 300000 രൂപ വരെ | 10 | 12 | 10 | 12 | 10 | 12 |
| | | 300000 രൂപയ്ക്ക് മുകളിൽ | 10 | 13 | 10 | 13 | 10 | 13 |
| 2 | വീടിൻെറ അറ്റകുറ്റപ്പണി | 50000 രൂപ വരെ | 8.75 | 8.75 | 8.75 | 8.75 | 8.75 | 8.75 |
| | | 50001 രൂപ മുതൽ 100000 രൂപ വരെ | 9.50 | 9.50 | 9.50 | 9.50 | 10.00 | 10.00 |
| | | 100000 രൂപയ്ക്ക് മുകളിൽ 200000 രൂപ വരെ | 9.50 | 9.50 മുതൽ 10 വരെ | 9.50 | 9.50 മുതൽ 10 വരെ | 10 | 9.50 മുതൽ 10 വരെ |
| | | 200000 രൂപയ്ക്ക് മുകളിൽ | 10 മുതൽ 12 വരെ | 12 മുതൽ 14 വരെ | 10 മുതൽ 12 വരെ | 12 മുതൽ 14 വരെ | 11 മുതൽ 13 വരെ | 12 മുതൽ 14 വരെ |
| 3 | ഭവന വായ്പ | 50000 രൂപ വരെ | 8 | 8 | 8 | 8 | 8 | 8 |
| | | 50001 രൂപ മുതൽ 100000 രൂപ വരെ | 8.50 | 8.50 | 8.50 | 8.50 | 8.50 | 8.50 |
| | | 100000 രൂപയ്ക്ക് മുകളിൽ 300000 രൂപ വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ |
| | | 300000 രൂപയ്ക്ക് മുകളിൽ 500000 രൂപ വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ |
| | | 500000 രൂപയ്ക്ക് മുകളിൽ | 10 മുതൽ 13 വരെ | 11 മുതൽ 15 വരെ | 10 മുതൽ 13 വരെ | 11 മുതൽ 15 വരെ | 10 മുതൽ 13 വരെ | 11 മുതൽ 15 വരെ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | മോർട്ട്ഗേജ്/ ഭൂസ്വത്ത് വാങ്ങൽ / സാധാരണ വായ്പകൾ/ വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങൽ | | 12 മുതൽ 14.50 വരെ | 12 മുതൽ 15 വരെ | 12 മുതൽ 14.50 വരെ | 12 മുതൽ 15 വരെ | 12 മുതൽ 14.50 വരെ | 12 മുതൽ 15 വരെ |
| 5 | ബിസിനസ്സ്/ ട്രേഡേഴ്സ് | | 12 മുതൽ 14 വരെ | 12 മുതൽ 15 വരെ | 12 മുതൽ 14 വരെ | 12 മുതൽ 15 വരെ | 12 മുതൽ 14 വരെ | 12 മുതൽ 15 വരെ |

മേൽപ്പറഞ്ഞ പലിശനിരക്ക് നിർദ്ദേശങ്ങൾക്ക് ഈ സർക്കുലർ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിയ്ക്കുന്നതാണ്.

ഈ ആഫീസിലെ 43/2007 നമ്പർ സർക്കുലർ നിർദ്ദേശ പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പലിശനിരക്കുകളിൽ നിലവിൽ രണ്ടു ശതമാനം ഇളവുണ്ടായിരുന്നത് തുടരുന്നതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ എടുക്കുന്ന വായ്പകൾക്ക് ടി പലിശ നിരക്കുകളിൽ ഒരു ശതമാനം ഇളവ് നൽകേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ നൽകുന്ന ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം 50,000/- രൂപ വരെയുള്ള വായ്പകൾക്ക് 7% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. സൂചന(1) സർക്കുലറുകളിലെ മറ്റ് വായ്പാ പലിശനിരക്കു നിർദ്ദേശങ്ങൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല.

ഒപ്പ്/-
റാണി ജോർജ്ജ്, IAS
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-
1. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും(ജോ:രജി:-മാർ മുഖേന)
6. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ/മറ്റ് കാർഷികേതര വായ്പാ സംഘങ്ങൾ/ബാങ്കുകൾ(ജോ: രജിസ്ട്രാർമാർ മുഖേന)
7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
8. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
10. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം //

സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി